# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1133  04.02.2019 – ൽ മറുപടിക്ക്**

**ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ്മന്ത്രി)** |

(എ) 66 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുപ്പ് നടപടികൾ നീളുന്ന, ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(എ) ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ വികസന പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരവും 63.99 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 23.800 കി.മീ നീളമുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണ ജോലികളുടെ പ്രാരംഭ നടപടികളിൽപെട്ട പെഗ്മാർക്കിംഗ്, , അതിർത്തിക്കല്ലുകൾ സ്ഥാപിക്കൽ എന്നീ ജോലികൾക്ക് കരാർ നല്കിയിട്ടുള്ളതുമാണ്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 18340 ചതുരശ്ര മീറ്റർ സ്ഥലത്തിന് 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ട് പ്രകാരം 6(1) നോട്ടിഫിക്കേഷൻ നമ്പർ. 1616 പ്രകാരം 14.06.2018 ന് ലഭ്യമായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 420 ചതുരശ്ര മീറ്റർ സ്ഥലത്തിനുള്ള 6(1) ലഭിക്കുന്നതിനായി റിക്വസിഷൻ ഫോറം ഇടുക്കി കളക്ടർക്ക് 17.09.2018 ൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ മാർഗ്ഗരേഖകൾ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തികരിക്കുകയും ചട്ടപ്രകാരമുള്ള എല്ലാ അനുമതി പത്രങ്ങളും ലഭിക്കുകയും ചെയ്താലേ സാങ്കേതികാനുമതി നൽകുവാൻ സാധിക്കുകയുള്ളു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കുവാൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കിഫ്ബി പ്രവൃത്തികളുടെ അവലോകനവും നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**